ഹയർ സെക്കന്ററി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിം
ഗ്, ശാന്തി നഗർ,
തിരുവനന്തപുരം

**FinA4/25631/2016/HSE**

തീയതി: 01/02/2017

## <u>സർക്കുലർ</u>

സർ,

വിഷയം:- കെ.എ. എച്ച്.എസ്.എസ്(+2) ഇ.പി.എഫ് - ഡാറ്റ എൻട്രി - സംബന്ധിച്ച്

സൂചന:- 10/08/2016, 09/01/2017 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലർ

എല്ലാ ജില്ലകളിലെയും എയ്ഡഡ് ഹയർ സെക്കന്ററി സ്കൂൾ ജീവനക്കാരുടെ 2015-16 വരെയുള്ള ഗെയ്ൻ പി.എഫ്(പി.എഫ് ക്രെഡിറ്റ് & ഡെബിറ്റ്) സ്കൂൾ ലെവൽ എൻട്രിയുടെ 25/01/2017 വരെയുള്ള പ്രവർത്തന പുരോഗതി പരിശോധിച്ചതിൽ 455 സ്കൂളുകൾ 2015-16 വരെയുള്ള ഡാറ്റ എൻട്രി പൂർത്തീകരിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലായി ആകെ 111(നൂറ്റി പതിനൊന്ന്) സ്കൂളുകൾക്ക് 2015-16 വരെയുള്ള ക്രെഡിറ്റ് കാർഡ് നൽകിയിട്ടുണ്ട്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ നാളിതുവരെ ഡാറ്റ എൻട്രി ആരംഭിച്ചിട്ടില്ലാത്ത സ്കൂളുകൾ 13/01/2017 നകം ഡാറ്റ എൻട്രി ആരംഭിക്കുന്നതിന് 09/01/2017 ലെ ഇതേ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിരുന്നെങ്കിലും വളരെ ചുരുക്കം സ്കൂളുകൾ മാത്രമേ ഗൗരവപൂർവ്വം പരിഗണിച്ചതായി കാണുന്നുള്ളൂ. 2015-16 വരെയുള്ള ഡാറ്റ എൻട്രി പൂർത്തീകരിച്ച് ക്രെഡിറ്റ് കാർഡ് നൽകിയെങ്കിൽ മാത്രമേ പി.എഫ് ലോൺ (ഓൺലൈൻ) അപേക്ഷ സംബന്ധിച്ച നടപടി ക്രമങ്ങൾ തടസ്സമില്ലാതെ നടത്തുവാൻ സാധിക്കുകയുള്ളൂ. <u>2017 ഫെബ്രുവരി 15 നുള്ളിൽ 2015-16 വരെയുള്ള ഡാറ്റ എൻട്രി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പ്രസ്തുത എൻട്രി നടത്തുന്നതിനുള്ള ഗെയ്ൻ പി.എഫ്</u>

സോഫ്ട് വെയറിന്റെ ലിങ്ക് അവസാനിപ്പിക്കുന്നതാണ്. 2015-16 വരെയുള്ള ഡാറ്റ എൻട്രി പൂർത്തികരിക്കാത്ത സ്കൂളുകൾ 2017 ഫെബ്രുവരി 15 നകം ഡാറ്റ എൻട്രി പൂർത്തീകരിച്ച് ഈ വിവരം ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഡാറ്റ എൻട്രി പൂർത്തീകരിച്ചതിനുശേഷം 2015-16 വരെയുള്ള പി.എഫ് ഷെഡ്യൂളുകൾ (ഓരോ ഷെഡ്യൂളിലും **Gross amount, Net amount, Date of encashment** എന്നിവ രേഖപ്പെടുത്തേണ്ടതാണ്) ട്രഷറി ബിൽ ബുക്കിന്റെ പകർപ്പ്, ലോൺ വിശദാംശങ്ങൾ(ലോൺ ഇല്ലെങ്കിൽ ആ വിവരവും അറിയിക്കേണ്ടതാണ്) ലോൺ അനുവദിച്ചിട്ടുള്ള ഉത്തരവിന്റെ പകർപ്പുകൾ, ട്രാൻസ്ഫർ ക്രെഡിറ്റ് സംബന്ധിച്ചിട്ടുള്ള വിശദാംശങ്ങൾ എന്നിവ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

സീനിയർ ഫിനാൻസ് ഓഫീസർ
ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

All RDDs, Sri; Aswir Eddin, Technical Director, NIC.

**E mail- finagainpfdhse@gmail.com Contact No. 04712320928, 9400176972**